## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *104 | 12.06.2014-ൽ മറുപടിയ്ക്ക്

## നഗരങ്ങളിലെ മോണോറെയിൽ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.ബി.അബ്ദുൾ റസാക്**<br>**,, പി.കെ.ബഷീർ**<br>**,, സി.മോയിൻകുട്ടി**<br>**,, അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) നഗരങ്ങളിൽ മോണോറെയിൽ സംവിധാനം ഏർപ്പെടുത്തുന്ന കാര്യത്തിൽ നയം എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) നിലവിലുള്ള പൊതുഗതാഗത സംവിധാനം കോഴിക്കോട്, തിരുവനന്തപുരം നഗരങ്ങളിൽ അപര്യാപ്തമായതിനാൽ ഈ നഗരങ്ങളിലെ ഗതാഗതക്കുരുക്കുകൾ ഒഴിവാക്കി സുഗമമായ യാത്രാസംവിധാനം ലഭ്യമാക്കുന്നതിനു വേണ്ടി Mass Rapid Transport System (MRTS) നടപ്പിലാക്കുന്നതിന് സർക്കാർ നയപരമായി തീരുമാനിച്ചിട്ടുണ്ട്. അതിൻപ്രകാരം, കോഴിക്കോട് നഗരത്തിനായി M/s Wilbur Smith Associates-ഉം തിരുവനന്തപുരം നഗരത്തിനായി M/s NATPAC-ഉം സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ, M/s Delhi Metro Rail Corporation തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം കോഴിക്കോട് നഗരത്തിന് 1991 കോടി രൂപയുടെയും, തിരുവനന്തപുരം നഗരത്തിന് 3590 കോടി രൂപയുടെയും പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ നവരത്ന പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് 09.10.2012-ലെ ജി.ഒ.(എം.എസ്)നം.72/12/പി.ഡബ്ല്യു.ഡി., 30.05.2013-ലെ ജി.ഒ.(എം.എസ്) നം. 44/2013/പി.ഡബ്ല്യു.ഡി. എന്നീ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഏതൊക്കെ നഗരങ്ങളിലാണ് പ്രാഥമികമായി ഇതു നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; അവിടങ്ങളിലെ പ്രവർത്തന പുരോഗതി സംബന്ധിച്ച് വിശദ വിവരം നൽകാമോ : | (ബി) | കോഴിക്കോട്, തിരുവനന്തപുരം നഗരങ്ങളിലാണ് പ്രാഥമികമായി മോണോ റെയിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി സംബന്ധമായ ടെൻഡർ 30.05.2014-ന് തുറക്കുകയും, തുടർനടപടികൾ നടന്നു കൊണ്ടിരിക്കുകയുമാണ്. തിരുവനന്തപുരം മോണോ റെയിൽ പദ്ധതി 60 മാസം കൊണ്ടും, കോഴിക്കോട് മോണോറെയിൽ പദ്ധതി 36 മാസം കൊണ്ടും സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. മോണോ റെയിൽ പദ്ധതിയെ കേരളാ സർക്കാരിന്റെ മിഷൻ 676 പ്രകാരം പ്രഖ്യാപിച്ച നവരത്ന പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മോണോറെയിൽ സ്ഥാപിക്കാൻ അനുയോജ്യമായ നഗരങ്ങൾ ഏതെല്ലാമെന്ന് ഐഡന്റിഫൈ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഘട്ടം ഘട്ടമായി ആ നഗരങ്ങളിലെല്ലാം മോണോ റെയിൽ ഏർപ്പെടുത്താൻ തക്കവിധം സമഗ്രമായ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ ? | (സി) | തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ തന്നെ PHPDT (Peak Hour Per Direction Traffic) 9000-12000 റേഞ്ചിലാണ് ഉള്ളത്. മാത്രമല്ല, വലിയ സാമ്പത്തികച്ചെലവ് വരുന്ന പദ്ധതിയുമാണ്. അതിനാൽ മോണോറെയിൽ പദ്ധതി മറ്റു നഗരങ്ങളിൽ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല. |

**സെക്ഷൻ ഓഫീസർ**